LIBRARY ARCHIVES Kerala Legislative Assembly

തണൽ പദ്ധതി

155 (159) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച തണൽ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായ എത്ര തൊഴിലാളികൾ നിലവിൽ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിനായി എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ ;

(സി) ഇതുവരെ അനുവദിച്ച തുക എത്ര ; ആനുകൂല്യത്തിന് അർഹരെങ്കിലും ഇതുവരെ ധനസഹായം ലഭ്യമാകാത്ത അപേക്ഷകർ എത്ര ; വ്യക്തമാക്കാമോ ;

(ഡി) ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി ഏർപ്പെടുത്തിയ ബയോമെട്രിക് കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന തണൽപദ്ധതിയുടെ ആനുകൂല്യത്തിനായി 2014-15 വർഷത്തിലെ കണക്ക് പ്രകാരം 311414 മത്സ്യ/അനുബന്ധത്തൊഴിലാളികൾക്ക് അർഹതയുണ്ട്.

(ബി) തണൽപദ്ധതി ഒരു തുടർ പദ്ധതിയായതിനാൽ ഈ സാമ്പത്തിക വർഷം (2015-16) പ്രത്യേക അപേക്ഷകളൊന്നും സ്വീകരിച്ചിട്ടില്ല. പദ്ധതി ആനുകൂല്യത്തിന് മുൻവർഷത്തിലെ 311414 പേർക്ക് അർഹതയുണ്ട്. ഇവർക്ക് 1350 രൂപ നിരക്കിൽ നൽകുന്നതിന് 42 കോടി രൂപ ആവശ്യമായി വരും.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ 19.88 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയത് പ്രകാരം 1350 രൂപ നിരക്കിൽ 147259 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ബാക്കി 164155 പേർക്ക് നൽകാനുണ്ട്.

(ഡി) ഐ.ടി.ഐ. പാലക്കാട് മുഖേനയാണ് ബയോമെട്രിക് കാർഡുകൾ വിതരണം ചെയ്യുന്നത്. ഇതുവരെയായി 236729 പേരുടെ വിവര സമാഹരണം നടത്തി 172557 പേരുടെ കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഐ.ടി.ഐ. പാലക്കാടിൽ നിന്നും കാർഡുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർവിതരണം നടത്തുന്നതാണ്.